(ഡി) നെടുമ്പാശ്ശേരി വിമാനത്താവളത്തിനോടനുബന്ധിച്ചുള്ള സ്ഥലത്ത് ഹോട്ടൽ നിർമ്മിക്കുന്നതിന് മുത്തൂറ്റ് ഗ്രൂപ്പ് സ്ഥലം ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര ഏക്കർ ;

(ഇ) ടൂറിസം പദ്ധതികൾക്ക് പൊതുസ്ഥലം നൽകുന്നത് സംബന്ധിച്ച് ഇതിനകം ഏതെല്ലാം കേസുകളിൽ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിലവിലുള്ള ഗവൺമെന്റ് നിയമപ്രകാരം ടൂറിസം വികസനത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ള സ്ഥലം ടൂറിസം പ്രവർത്തനങ്ങൾക്കുവേണ്ടി ഗവൺമെന്റ് നിശ്ചയിക്കുന്ന പാട്ടത്തിന് നൽകാവുന്നതാണ്.

(ബി) ഉണ്ട്.

(സി) അനുബന്ധം കാണുക.†

(ഡി) ഈ പ്രോജക്ട് നിലവിലില്ല.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

വയ്യാങ്കര ശുദ്ധജലതടാകത്തിൽ ടൂറിസം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി

54 (1742) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ താമരക്കുളം പഞ്ചായത്തിലെ നൂറിൽപ്പരം ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന വയ്യാങ്കര ശുദ്ധജലതടാകത്തിൽ ടൂറിസം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഇത് നടപ്പാക്കുന്നതിലുള്ള പ്രധാന തടസ്സങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(സി) സമയബന്ധിതമായി ഈ ടൂറിസം പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ട നിർദ്ദേശം ആലപ്പുഴ DTPC-യ്ക്ക് നൽകിയിട്ടുണ്ട്.

(ബി) സ്ഥലം വിട്ടുകിട്ടിയിട്ടില്ല.

(സി) സ്ഥലം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly